നമ്പർ ജി2- 12290/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 10-02-2016

## സർക്കുലർ നമ്പർ 10 /2016

വിഷയം :- ജയിലുകൾ - ജനറൽ സെക്ഷൻ- ജയിൽ അന്തേവാസികൾക്ക് യോഗ മെഡിറ്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സർക്കുലർ നമ്പർ 18/2015 തീയതി 11-06-2015.

21-06-2015 തീയതിയിൽ അന്തർദേശീയ യോഗാദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ജയിലുകളിൽ യോഗാദിനാചരണം സംഘടിപ്പിക്കുന്നതിനും അതിനെ തുടർന്ന് അന്തേവാസികളുടെ മാനസികവും ശാരീരകവുമായ നന്മക്കായി ജയിൽ അന്തേവാസികൾക്ക് വേണ്ടി എല്ലാ ജയിലുകളിലും യോഗാപരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിന് ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ജയിലുകളിൽ സൗജന്യമായി യോഗപരിശീലനം നൽകുന്നതിന് ചില സന്നദ്ധസംഘടനകൾക്ക് അനുവാദവും നൽകിയിരുന്നു. എന്നാൽ ചില ജയിലുകളിൽ ടി പരിപാടി മുടങ്ങിപ്പോയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. യോഗ മെഡിറ്റേഷൻ ക്ലാസുകൾ നിലവിൽ നടത്തിവരാത്ത ജയിൽ സൂപ്രണ്ടുമാർ ടി പരിപാടി തുടർന്ന് മുടക്കം കൂടാതെ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

യോഗാപരിശീലന പരിപാടികൾ ഇപ്പോൾ ഏതെല്ലാം ജയിലുകളിൽ മുടക്കം കൂടാതെ നടത്തിവരുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം ഏതെങ്കിലും ജയിലുകളിൽ ടി പരിപാടി നിലവിൽ മുടങ്ങി പോയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണവും തുടർന്ന് ഈ പരിപാടി സംഘടിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് 20-02-2016 തീയതിക്ക് മുമ്പായി അടിയന്തിരമായി ജയിൽ ആസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേഖലാ ഡി.ഐ.ജിമാരും റീജിയണൽ വെൽഫെയർ ഓഫീസർമാരും ജയിലുകളിൽ യോഗാമെഡിറ്റേഷൻ ക്ലാസുകൾ വിജയകരമായി സംഘടിപ്പിക്കുന്നതിന് പ്രാധാന്യം നൽകേണ്ടതും ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

മേഖല ഡിഐ.ജിമാർ/ റീജിയണൽ വെൽഫെയർ ഓഫീസർമാർ/
ജയിൽ സ്ഥാപന മേധാവികൾ

പകർപ്പ് :-
ഐ.ജി ഓഫ് പ്രിസൺസ്/ഫയൽ/കരുതൽ ഫയൽ

റ്റി.എസ്